കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഡോക്ക് തൊഴിലാളികൾ (നിയോജനം ക്രമപ്പെടുത്തൽ) ആക്‌റ്റ്, 1948

(1948-ലെ 9-ാം നമ്പർ ആക്‌റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

വില Rs 0-70

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഡോക്ക് തൊഴിലാളികൾ (നിയോജനം ക്രമപ്പെടുത്തൽ) ആക്റ്റ്, 1948

## (1948-ലെ 9-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി
കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

# ഡോക്ക് തൊഴിലാളികൾ (നിയോജനം ക്രമപ്പെടുത്തൽ) ആക്റ്റ്, 1948

## (1948-ലെ 9)

ഡോക്ക് തൊഴിലാളികളുടെ നിയോജനം ക്രമപ്പെടുത്തൽ വ്യവസ്ഥചെയ്യുന്ന ആക്റ്റ്

[1948 മാർച്ച്, 4].

ഡോക്ക് തൊഴിലാളികളുടെ നിയോജനം ക്രമപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നത് സമീചീനമായിരിക്കയാൽ :—

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന്, ഡോക്ക് തൊഴിലാളികൾ (നിയോജനം ക്രമപ്പെടുത്തൽ) ആക്റ്റ്, 1948 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.—

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,-

(ക) ''ബോർഡി''ന്, 5 ക വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെടുന്ന ഡോക്ക് തൊഴിലാളി ബോർഡ് എന്നർത്ഥമാകുന്നു.

(കക) ''ചരക്കി''ന്, കപ്പലിലോ മററു ജലയാനത്തിലോ വഹിച്ചു കൊണ്ടുപോകുന്നതോ വഹിച്ചുകൊണ്ടുപോകാനുള്ളതോ ആയ എന്തും ഉൾപ്പെടുന്നതാകുന്നു.

(ഖ) ''ഡോക്ക്തൊഴിലാളി'' ക്ക്, ഏതെങ്കിലും തുറമുഖത്തോ അതിൻെറ സമീപസ്ഥലത്തോ ചരക്കുകൾ കയററുന്നതോ ഇറക്കുന്നതോ, നീക്കുന്നതോ സ്റേറാർ ചെയ്യുന്നതോ സംബന്ധിച്ച പ്രവൃത്തിയിലോ, അല്ലെങ്കിൽ കപ്പലുകളേയോ മററു ജലയാനങ്ങളേയോ ചരക്കുകൾ സ്വീകരിക്കുകയോ ഡിസ്ചാർജ് ചെയ്യുകയോ ചെയ്യുന്നതിനോ, അല്ലെങ്കിൽ തുറമുഖം വിടുന്നതിനോ തയ്യാറാക്കുന്നത് സംബന്ധിച്ച പ്രവൃത്തിയിലോ നിയോജിക്കപ്പെടുന്നതോ നിയോജിക്കപ്പെടാനുള്ളതോ ആയ ആൾ എന്നർത്ഥമാകുന്നു.

(ഗ) ഒരു ഡോക്ക് തൊഴിലാളിയെ സംബന്ധിച്ച് ''നിയോജക''ന്, ആരാലാണോ ആ തൊഴിലാളി മുൻപറഞ്ഞതുപോലെ നിയോജിക്കപ്പെടുന്നത്, അല്ലെങ്കിൽ നിയോജിക്കപ്പെടാനുള്ളത്, ആ ആൾ എന്നർത്ഥമാകുന്നു.

(ഘ) ''ഗവൺമെൻറി''ന്, ഏതെങ്കിലും വൻകിട തുറമുഖം സംബന്ധിച്ച്, കേന്ദ്രഗവൺമെൻറ് എന്നും, മറേറതെങ്കിലും തുറമുഖം സംബന്ധിച്ച്, സ്റേററ് ഗവൺമെൻറ് എന്നും അർത്ഥമാകുന്നു

(ങ) ''പദ്ധതി''ക്ക്, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന പദ്ധതി എന്നർത്ഥമാകുന്നു.

(2) ഉപദേശക കമ്മിററിയിലെ അംഗങ്ങൾ, ഗവൺമെൻറിനാൽ നിയമിക്കപ്പെടേണ്ടതും, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്നത്രപേർ ഉണ്ടായിരിക്കേണ്ടതും അങ്ങനെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെടേണ്ടതും ആകുന്നു ;

എന്നാൽ ഉപദേശകകമ്മററിയിൽ

(i) ഗവൺമെൻറിനേയും,

(ii) ഡോക്ക് തൊഴിലാളികളേയും,

(iii) ഡോക്ക് തൊഴിലാളികളുടെ നിയോജകൻമാരേയും, ഷിപ്പിങ്ങ് കമ്പനികളേയും ;

പ്രതിനിധാനം ചെയ്യുന്ന തുല്യസംഖ്യയുള്ള അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതാകുന്നു.

(3) ഉപദേശക കമ്മിററിയുടെ ചെയർമാൻ ഗവൺമെൻറിനെ പ്രതിനിധാനം ചെയ്യാൻ നിയമിക്കപ്പെട്ടിട്ടുള്ള അംഗങ്ങളിൽ ഗവൺമെൻറിനാൽ ഇതിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ഒരാളായിരിക്കേണ്ടതാകുന്നു.

(4) ഗവൺമെൻറ് ഉപദേശ കമ്മിററിയിലെ എല്ലാ അംഗങ്ങളുടേയും പേര് ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

5ക. <u>ഡോക്ക് തൊഴിലാളി ബോർഡുകൾ.</u>—(1) ഗവൺമെൻറിന് ഒരു തുറമുഖത്തേയ്ക്കോ തുറമുഖങ്ങളുടെ ഒരു ഗ്രൂപ്പിനോ ആയി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന നാമത്തിൽ അറിയപ്പെടുന്ന ഒരു ഡോക്ക് തൊഴിലാളി ബോർഡ്, സ്ഥാപിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതൊരു ബോർഡും, ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉള്ളതും, വസ്തു ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും വ്യയനം ചെയ്യുകയും ചെയ്യാനും, കാൺട്രാക്ററ് ചെയ്യാനുമുള്ള അധികാരത്തോടുകൂടിയതും ആയ മുൻപറഞ്ഞ നാമത്തിലുള്ള ഒരു ഏകാംഗീകൃതനികായം ആയിരിക്കുന്നതും, ആ നാമത്തിൽ അതിന് വ്യവഹരിക്കുകയും അതിനെതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യാവുന്നതുമാണ്:

(3) അങ്ങനെയുള്ള ഏതൊരു ബോർഡും ഒരു ചെയർമാനും, ഗവൺമെൻറ് നിയമിക്കുന്നത്ര മററ് അംഗങ്ങളും അടങ്ങിയതായിരിക്കുന്നതാണ്;

എന്നാൽ, അങ്ങനെയുള്ള ഓരോ ബോർഡിലും

(i) ഗവൺമെൻറിനേയും,

(ii) ഡോക്ക് തൊഴിലാളികളേയും,

(iii) ഡോക്ക് തൊഴിലാളികളുടെ നിയോജകൻമാരേയും, ഷിപ്പിങ്ങ് കമ്പനികളേയും, പ്രതിനിധാനം ചെയ്യുന്ന തുല്യസംഖ്യയുള്ള അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതാകുന്നു.

(4) ബോർഡിൻെറ ചെയർമാൻ ഗവൺമെൻറിനെ പ്രതിനിധാനം ചെയ്യാൻ നിയമിക്കപ്പെട്ടിട്ടുള്ള അംഗങ്ങളിൽ ഒരാളും ഗവൺമെൻറിനാൽ ഇതിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടവനും ആയിരിക്കേണ്ടതാണ്.

5 ഖ. <u>ബോർഡിൻെറചുമതലകൾ.</u>—(1) ഒരു ബോർഡ്, ഏതു തുറമുഖത്തിനോ തുറമുഖങ്ങളുടെ ഗ്രൂപ്പിനോ ആയാണോ അത് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്, ആ തുറമുഖത്തിനോ തുറമുഖങ്ങൾക്കോ ഉള്ള പദ്ധതിയുടെ ഭരണം

നടത്തുന്നതിന് ഉത്തരവാദിയായിരിക്കുന്നതും, ആ പദ്ധതി അതിന് നല്കുന്ന അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) ഒരു ബോർഡ്, അതിന്റെ അധികാരങ്ങൾ പ്രയോഗിക്കുന്നതിലും അതിന്റെ ചുമതലകൾ നിറവേററുന്നതിലും ഗവൺമെന്റ് അതിന് അപ്പോഴപ്പോൾ ലിഖിതമായി പ്രസ്താവിക്കേണ്ട കാരണങ്ങളാൽ നല്കുന്ന നിർദ്ദേശങ്ങളാൽ ബദ്ധമായിരിക്കുന്നതാണ്.

5 ഗ. (1) കണക്കുകളും ആഡിററും.—(1) ഏതൊരു ബോർഡും, ശരിയായ കണക്കുകളും, പ്രസക്തമായ മററു റിക്കാർഡുകളും വച്ചുപോരുകയും ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ ഒരു ബാക്കിപത്രം ഉൾപ്പെടെയുള്ള കണക്കുകളുടെ ഒരു വാർഷിക സ്റേററ്മെന്റ് തയ്യാറാക്കുകയും ചെയ്യേണ്ടതാകുന്നു.

(2) ബോർഡിന്റെ കണക്കുകൾ വർഷംതോറും ഇൻഡ്യയുടെ കൺട്രോളർ-ആഡിററർ ജനറലോ, അല്ലെങ്കിൽ ഗവൺമെന്റ് നിയമിക്കുന്നതും, കമ്പനികളെ സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിൻ കീഴിൽ കമ്പനികളുടെ ആഡിററർമാരായി പ്രവർത്തിക്കാൻ യോഗ്യതയുള്ളവരുമായ മററു ആഡിററർമാരോ ആഡിററ് ചെയ്യേണ്ടതാകുന്നു.

(3) ആഡിററർമാർക്ക്, ബോർഡിന്റെ കണക്കു ബുക്കുകളും മററു രേഖകളും ന്യായമായ എല്ലാ സമയങ്ങളിലും, പ്രാപ്യമായിരിക്കേണ്ടതും, ആഡിററിന്റെ ആവശ്യങ്ങൾക്ക്, അവർക്ക് വേണ്ട വിശദീകരണത്തിനും വിവരത്തിനും ആവശ്യപ്പെടുകയോ, അല്ലെങ്കിൽ ബോർഡിലെ ഏതെങ്കിലും അംഗത്തേയോ ഉദ്യോഗസ്ഥനേയോ, വിസ്തരിക്കുകയോ ചെയ്യാവുന്നതും ആണ്-

(4) ആഡിററർമാർ, തങ്ങളുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ബോർഡിന്റെ കണക്കുകളുടെ ആഡിററ് ചെയ്ത ഒരു പകർപ്പ് സഹിതം ഗവൺമെന്റിന് അയക്കേണ്ടതാകുന്നു.

(5) ഗവൺമെന്റ്, നിശ്ചയിക്കുന്നതുപോലെയുള്ള ആഡിററ് ചെലവ്, ബോർഡിന്റെ പണത്തിൽനിന്ന് കൊടുക്കേണ്ടതാകുന്നു.

6. ഇൻസ്പെക്ററർമാർ.—(1) ഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തുറമുഖങ്ങളിൽ ഇൻസ്പെക്ററർമാരായിരിക്കാൻ യുക്തമെന്ന് തോന്നുന്ന ആളുകളെ നിയമിക്കാവുന്നതാണ്.

(2) ഏത് ഇൻസ്പെക്റററും ഇൻഡ്യൻ ശിക്ഷാനിയമസംഹിത 1860 (1860-ലെ 45)-ന്റെ അർത്ഥത്തിൽ പബ്ലിക് സർവന്റായി കരുതപ്പെടുന്നതാകുന്നു.

(3) ഒരു ഇൻസ്പെക്ററർക്ക്, താൻ നിയമിക്കപ്പെട്ടിട്ടുള്ളത് ഏതൊരു തുറമുഖത്തേയ്ക്കാണോ ആ തുറമുഖത്ത്,

(ക) തനിക്ക് യുക്തമെന്നു തോന്നുന്ന സഹായത്തോടുകൂടി, (വല്ലതും വേണമെങ്കിൽ) ഡോക്ക് തൊഴിലാളികൾ നിയോഗിക്കപ്പെടുന്ന ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ ജലയാനത്തിലോ പ്രവേശിക്കുകയോ;

(ഖ) ഏതെങ്കിലും അധികാരസ്ഥാനത്തോടോ, ആളോടോ, ഡോക്ക് തൊഴിലാളികളുടെ നിയോജനം സംബന്ധിച്ച ഏതെങ്കിലും രജിസ്ററോ, മസ്ററർറോളോ, മററു രേഖയോ ഹാജരാക്കാൻ ആവശ്യപ്പെടുകയും, അങ്ങനെയുള്ള രേഖ പരിശോധിക്കുകയും ചെയ്യുകയോ ;

(ഗ) ആ തുറമുഖത്തേയ്ക്കായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും പദ്ധതിയുടെ വ്യവസ്ഥകളനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ അല്ലെങ്കിൽ പ്രവർത്തിച്ചിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിനു വേണ്ടി, ഏതെങ്കിലും ആളുടെ തെളിവ് സ്ഥലത്തുവച്ചോ മററുവിധത്തിലോ എടുക്കുകയോ, ചെയ്യാവുന്നതാണ്.

(4) ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഒരു പദ്ധതിയുടെ ഏതെങ്കിലും വ്യവസ്ഥയുടെ ഉല്ലംഘനം സംബന്ധിച്ച പരാതികൾ, ഒരു ഇൻസ്പെക്ടറർക്ക് കൊടുക്കേണ്ടത് ഏതു രീതിയിലും ഏതു ആളുകളാലും ആണെന്നുള്ളതും, അങ്ങനെയുള്ള പരാതികൾ സംബന്ധിച്ചുള്ള ഇൻസ്പെക്ടററുടെ കർത്തവ്യങ്ങളും നിർണ്ണയിക്കാവുന്നതാണ്.

6 ക. അന്വേഷണ വിചാരണയ്ക്ക് ഉത്തരവു ചെയ്യാനുള്ള അധികാരം.—(1) ഗവൺമെൻറിന്, ഏതെങ്കിലും ആളെ ഏത് സമയത്തും, ഒരു ബോർഡിൻെറ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കുകയോ, അന്വേഷണ വിചാരണ ചെയ്യുകയോ ചെയ്യുകയും, ഗവൺമെൻറിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യാനായി നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക് ബോർഡ്, അന്വേഷണത്തിൻെറയോ അന്വേഷണ വിചാരണയുടേയോ ശരിയായ നടത്തിപ്പിന് വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും, അയാൾ ആവശ്യപ്പെടുന്നതും ബോർഡിൻെറ കൈവശമുള്ളതുമായ രേഖകളോ, കണക്കുകളോ വിവരമോ നല്കുകയും ചെയ്യേണ്ടതാകുന്നു.

6 ഖ. ബോർഡിനെ പുറം തള്ളാനുള്ള അധികാരം.—(1) 6 ക വകുപ്പിൻകീഴിലെ റിപ്പോർട്ട് പരിഗണിച്ചോ മററുവിധത്തിലോ ഗവൺമെൻറിന് —

(ക) ഗുരുതരമായ ഒരു അടിയന്തരാവസ്ഥ കാരണമായി ഒരു ബോർഡിന്, അതിൻെറ ചുമതലകൾ നിർവ്വഹിക്കാൻ കഴിവില്ലെന്നോ, അല്ലെങ്കിൽ

(ഖ) ഒരു ബോർഡ് അതിൻെറ ചുമതലകൾ നിറവേററുന്നതിൽ തുടരെത്തുടരെ വീഴ്ചവരുത്തിയിട്ടുണ്ടെന്നോ, അല്ലെങ്കിൽ അതിൻെറ അധികാരങ്ങളെ അതിലംഘിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ,

അഭിപ്രായമുണ്ടെങ്കിൽ, ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന കാലത്തേയ്ക്ക് ബോർഡിനെ പുറംതള്ളാവുന്നതാണ്.

എന്നാൽ, ഈ ഉപവകുപ്പിൻ കീഴിൽ (ഖ) ഖണ്ഡത്തിൽ പറഞ്ഞ കാരണങ്ങളിൽ ഏതിൻമേലെങ്കിലും ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പ്, ഗവൺമെൻറ്, ബോർഡിന്, അതിനെ പുറംതള്ളാതിരിക്കാനുള്ള കാരണം കാണിക്കാൻ ന്യായമായ അവസരം നല്കുകയും, ബോർഡിൻെറ വിശദീകരണങ്ങളും ആക്ഷേപങ്ങളും, വല്ലതുമുണ്ടെങ്കിൽ, പരിഗണിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ,—

(ക) ബോർഡിലെ എല്ലാ അംഗങ്ങളും, അങ്ങനെ പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ, അങ്ങനെയുള്ള അംഗങ്ങളെന്ന നിലയിലുള്ള തങ്ങളുടെ ഉദ്യോഗങ്ങൾ ഒഴിയേണ്ടതും ;

(ഖ) ബോർഡിന് പ്രയോഗിക്കാവുന്നതോ നിർവ്വഹിക്കാവുന്നതോ ആയ എല്ലാ അധികാരങ്ങളും ചുമതലകളും, പുറംതള്ളപ്പെടലിന്റെ കാലത്ത്, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ആളാൽ പ്രയോഗിക്കപ്പെടുകയോ നിർവ്വഹിക്കപ്പെടുകയോ ചെയ്യേണ്ടതും ;

(ഗ) ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ പണവും മററു വസ്തുവും പുറംതള്ളപ്പെടലിന്റെ കാലത്ത്, ഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കുന്നതും;

ആകുന്നു.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന പുറംതള്ളപ്പെടൽ കാലം അവസാനിക്കുന്നതിൻമേൽ, ഗവൺമെൻറിന്,—

(ക) പുറം തള്ളപ്പെടലിന്റെ കാലം ആവശ്യകമാണെന്ന് കരുതുന്ന കൂടുതൽ കാലത്തേയ്ക്ക് നീട്ടുകയോ; അല്ലെങ്കിൽ.

(ഖ) 5 ക. വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ, ബോർഡ് പുന:സ്ഥാപിക്കുകയോ,

ചെയ്യാവുന്നതാണ്.

6ഗ. ബോർഡിൻേറയും ഉപദേശകക്കമ്മിററിയുടെയും കൃത്യങ്ങളോ നടപടിയോ അസാധുവാക്കപ്പെടരുതെന്ന്.—ഒരു ബോർഡിൻേറയോ ഉപദേശക കമ്മിററിയുടേയോ യാതൊരു കൃത്യവും, അല്ലെങ്കിൽ, നടപടിയും.—

(ക) ബോർഡിലേയോ ഉപദേശകക്കമ്മിററിയിലേയോ ഏതെങ്കിലും ഒഴിവോ, അത് ഏർപ്പെടുത്തിയതിലുള്ള ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഖ) ബോർഡിലേയോ ഉപദേശകക്കമ്മിററിയിലേയോ അംഗമായി പ്രവർത്തിക്കുന്ന ഒരാളുടെ നിയമനത്തിലെ ഏതെങ്കിലും ന്യൂനതയോ ; അല്ലെങ്കിൽ

(ഗ) ബോർഡിൻേറയോ ഉപദേശകക്കമ്മിററിയുടേയോ നടപടിയിലെ, കേസ്സിന്റെ ഗുണാഗുണത്തെ ബാധിക്കുന്നതല്ലാത്ത ഏതെങ്കിലും ക്രമക്കേടോ; കാരണമായി മാത്രം അസാധുവായിരിക്കുന്നതല്ല.

7. കുററങ്ങ‍ൾ നടപടിക്കെടുക്കൽ.—(1) ഒരു പദ്ധതി ശിക്ഷിക്കപ്പെടാവുന്നതാക്കുന്ന ഏതെങ്കിലും കുററമോ, അതിനുള്ള ഏതെങ്കിലും പ്രേരണയോ, അങ്ങനെയുള്ള കുററത്തേയോ പ്രേരണയേയോ ആ കുററമോ പ്രേരണയോ ആക്കുന്ന വസ്തുതകളുടെ ലിഖിതമായതും ഒരു ഇൻസ്പെക്ടറോ ഗവൺമെൻറ് ഇതിലേയ്ക്ക് പ്രത്യേകമായി പ്രാധികാരപ്പെടുത്തുന്ന ആളോ നല്കുന്നതുമായ ഒരു റിപ്പോർട്ടിൻ മേലല്ലാതെ യാതൊരു കോടതിയും നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5.)-ൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു പദ്ധതി ശിക്ഷിക്കപ്പെടാവുന്നതാക്കുന്ന ഒരു കുററമോ, അതിനുള്ള പ്രേരണയോ, ഒരു പ്രസിഡൻസി മജിസ്ട്രേററിനാലോ ഒരു ഒന്നാംക്ലാസ് മജിസ്ട്രേററിനാലോ മാത്രം വിചാരണ ചെയ്യാവുന്നതായിരിക്കുന്നതാണ്.

7 ക. കമ്പനികളാലുള്ള കുററങ്ങ‍ൾ.—(1) ഒരു പദ്ധതി ശിക്ഷിക്കപ്പെടാവുന്നതാക്കുന്ന ഏതെങ്കിലും കുററം ചെയ്യുകയോ, അതിനുള്ള ഏതെങ്കിലും പ്രേരണ നല്കുകയോ ചെയ്യുന്ന ആ‍ൾ, കമ്പനിയാണെങ്കിൽ, കമ്പനിക്കു പുറമേ,

കുററം ചെയ്യുകയോ പ്രേരണ നല്കുകയോ ചെയ്ത സമയത്ത്, കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതോ കമ്പനിയോട് ഉത്തരവാദിയായിരുന്നതോ ആയ ഏതൊരാളും, ആ കുററത്തിനോ പ്രേരണയ്ക്കോ അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരാകുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുററം ചെയ്യപ്പെട്ടതോ പ്രേരണ നല്കപ്പെട്ടതോ തന്റെ അറിവുകൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നതോ, പ്രേരണ നല്കുന്നതോ തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കമ്പനി, ഒരു പദ്ധതി ശിക്ഷിക്കപ്പെടാവുന്നതാക്കുന്ന ഒരു കുററം ചെയ്യുകയോ അതിനുള്ള ഏതെങ്കിലും പ്രേരണ നല്കുകയോ ചെയ്തിരിക്കുകയും ആ കുററമോ പ്രേരണയോ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരുടേയോ, സെക്രട്ടറിയുടേയോ മററു ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ചെയ്തിട്ടുള്ളതോ നല്കിയിട്ടുള്ളതോ ആണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷ മൂലമാണെന്ന് കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ സെക്രട്ടറിയോ മററു ഉദ്യോഗസ്ഥനോ ആ കുററത്തിനോ പ്രേരണയ്ക്കോ അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) ''കമ്പനി'' എന്നാൽ, ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സമാജമോ ഉൾപ്പെടുന്നതും;

(ഖ) ''ഡയറക്ടർ'' എന്നാൽ, ഒരു ഫേം സംബന്ധിച്ച്, അതിലെ പങ്കാളി എന്നർത്ഥമാകുന്നതും;

ആകുന്നു.

8. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) ഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നല്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്,—

(ക) ഉപദേശകക്കമ്മിററിയും ബോർഡുകളും ആരെല്ലാം അടങ്ങിയതായിരിക്കണമെന്നതിനും ഉപദേശകക്കമ്മിററിയിലേയും ബോർഡുകളിലേയും അംഗങ്ങൾ വരണം ചെയ്യപ്പെടേണ്ട രീതിക്കും;

(ഖ) ഒരു ബോർഡിലേയോ ഉപദേശകക്കമ്മിററിയിലേയോ അംഗങ്ങളുടെ ഉദ്യോഗകാലാവധിക്കും, അവരുടെ ഇടയിലുള്ള യാദൃച്ഛിക ഒഴിവുകൾ പൂരിപ്പിക്കുന്ന രീതിക്കും ;

(ഗ) ഒരു ബോർഡിൻേറയും ഉപദേശകക്കമ്മിററിയുടേയും യോഗങ്ങഠംക്കും, അങ്ങനെയുള്ള യോഗങ്ങഠംക്കുള്ള കോറത്തിനും, അവയിലെ ബിസിനസ് നടത്തിപ്പിനും;

(ഘ) ബോർഡിനോ, ബോർഡിനുവേണ്ടിയോ കാൺട്രാക്ററുകളിൽ ഏർപ്പെടാവുന്നത്, ഏതു ഉപാധികഠംക്ക് വിധേയമായും, ഏതു സമ്പ്രദായത്തിലും ആണെന്നുള്ളതിനും ;

(ങ) ഒരു ബോർഡിൻേറയോ ഉപദേശകക്കമ്മിററിയുടേയോ അംഗങ്ങഠംക്ക് ബത്ത വല്ലതും കൊടുക്കാനുണ്ടെങ്കിൽ, അവയ്ക്കും ;

(ച) ഒരു ബോർഡിൻെറ അംഗത്വത്തിനുള്ള അയോഗ്യതകഠംക്കും ;

(ഛ) ഒരു ബോർഡ് അതിൻെറ കണക്കുകളുടെ വാർഷിക സ്റേററ്മെൻറും ബാക്കിപത്രവും തയ്യാറാക്കേണ്ടത് ഏത് ഫാറത്തിലാണെന്നുള്ളതിനും ; വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻ കീഴിൽ കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതു ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോഠം അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക്, വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അതു അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, ഇരുസഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങയെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്കു ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

൭. ഒഴിവാക്കൽ.—ഡോക്ക് തൊഴിലാളികഠം (നിയോജനം ക്രമപ്പെടുത്തൽ) ഭേദഗതി ആക്ററ്, 1962 (1962-ലെ 8)-ൻെറ പ്രാരംഭത്തിനുമുമ്പ്, 4-ാംവകുപ്പിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഒരു പദ്ധതിയ്ക്ക് കീഴിൽ ഒരു തുറമുഖത്തേയ്ക്കോ, തുറമുഖങ്ങളുടെ ഒരു ഗ്രൂപ്പിനോ ആയി സ്ഥാപിക്കപ്പെട്ടതും, അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ആ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതുമായ ഏതൊരു ഡോക്ക് തൊഴിലാളി ബോർഡും 5 ക വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു ബോർഡായി കരുതപ്പെടുന്നതും, അതനുസരിച്ച്, ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളും അങ്ങനെയുള്ള ഏതൊരു ബോർഡിനും ബാധകമായിരിക്കുന്നതുമാണ്.